## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 303** **28.05.2019-ൽ മറുപടിക്ക്**

**പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് പ്രവൃത്തികൾ**

| **ചോദ്യം**<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ** | **മറുപടി**<br>**കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ ഇതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | താലൂക്ക് ആശുപത്രി, പാറശ്ശാലയ്ക്ക് മെഡിക്കൽ റെക്കോർഡ് ലൈബ്രറിയ്ക്കായി 2016-17 സാമ്പത്തിക വർഷം 2,35,000/- രൂപയും, 2017-18-ൽ 18,30,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾക്കായി ചെമ്പൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് താലൂക്ക് ആശുപത്രി, പാറശ്ശാലയ്ക്ക് 220 ലക്ഷം രൂപയും, മെറ്റേണിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് 200 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പെരുങ്കടവിള സി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**